1. മൽപ്രിയനെ! എന്നേശു നായകനെ എപ്പോൾവരും
   എൻ കണ്ണുനീർ തുടച്ചീടുവാൻ, അങ്ങയെ
   ആശ്ലേഷിപ്പാൻ
   എന്നേശുവേ! വാനമേഘ വേഗം വന്നീടേണേ

2. മദ്ധ്യാകാശേ സ്വർഗ്ഗീയ ദൂതരുമായ് വന്നീടുമ്പോൾ
   എനിക്കായ് മുറിവേറ്റതാം ആ പൊന്മുഖം
   മുത്തുവാൻ
   വെള്ളത്തിനായ് കേഴുന്ന വേഴാമ്പൽ
   പോൽ വാഞ്ചിക്കുന്നേ

3. വെണ്മ വസ്ത്രം ധരിച്ചുയർത്ത വിശുദ്ധ-
   സംഘമതിൽ
   ചേർന്നു നിൻ സവിധേ വന്നു ഹല്ലേലുയ്യ പാടുവാൻ
   ബുദ്ധിയുള്ള നിർമ്മല കന്യകപോൽ
   ഒരുങ്ങുന്നേ - മൽ

4. സൂര്യചന്ദ്ര താരങ്ങളെ കടന്നു സ്വർഗ്ഗനാട്ടിൽ
   ആ പളുങ്കു നദീതീരേ ജീവവൃക്ഷത്തിൻ തണലിൽ
   എൻ സ്വർഗ്ഗ വീട്ടിലെത്തുവാൻ
   കൊതിച്ചീടുന്നേ എൻ മണാളാ

1. Malpriyane enneshunaayakane eppol varum
   En kanneer thudacheeduvan, angaye aasleshippaan
   Enneshuve vaana mekhe vegam vanneedane

2. Madhyaakaashe swargeeya
   Dhoodharumai vanneedumbol
   Enikkai murivettathaam aa ponmukham muthuvaan
   Vellathinai kezhunna vezhaampal pol vaanchikkunne

3. Venmavasthram dharichuyartha vishudha sangamathil
   Chernnu nin savidhe vannu Halleluiah paaduvaan
   Bhudhiyulla nirmala kannyaka pol orungunne -Mal

4. Soorya chandra thaarangale kadannu swarganaattil
   Aa palunku mnadhee theere jeevavrishathin thanalil
   En sorgaveetil ethuvaan kodhichidunne
   en manaala -Mal